ണ്ടാക്കിയ 19 ബോംബുകളും 10 നാടൻ ബോംബുകളും 2 മഴുവും ഫസ്റ്റ് എയ്ഡ് കിറ്റും പോലീസ് കണ്ടെടുത്തു. ഇക്കാര്യത്തിൽ 2005-ൽ ക്രൈം 468-ാം നമ്പരായി വളപട്ടണം പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു. ഫോറൻസിക് വിദഗ്ദ്ധരും ബോംബ് സ്കാഡും സ്ഥലത്തെത്തി പരിശോധന നടത്തുകയുണ്ടായി. തുടർന്നുള്ള അന്വേഷണത്തിൽ അവിടെ നിന്നും ഇരുമ്പാണികൾ, ചാക്കുനൂൽ, വെടിയുപ്പ്, ചുറ്റിക തുടങ്ങിയ വസ്തുക്കൾകൂടി കണ്ടെത്തി. തുടർന്ന് കേസന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചു. ഒരു ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ ഒരു ഡിറ്റക്ടീവ് ഇൻസ്പെക്ടർ, ഒരു സബ് ഇൻസ്പെക്ടർ, ആറ് പോലീസുകാർ എന്നിവരടങ്ങിയ ഒരു പ്രത്യേക ടീം രൂപീകരിച്ച് മുപ്പത്തിമൂന്നിലധികം പേരെ ചോദ്യം ചെയ്യുകയും തെളിവെടുക്കുകയും ചെയ്തു. പ്രതികളെ അന്വേഷിക്കുന്നതിൽ പോലീസിന്റെ ഭാഗത്തുനിന്ന് യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല; തുടർന്നും അന്വേഷണം കർശനമാക്കുന്നതാണ്.

(16) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ തോട്ടം തൊഴിലാളികളുടെ വിഷയം ഈ സഭയിൽ പലതവണ ഉന്നയിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർ പി.എസ്. സുപാൽ ഇവിടെ പലതവണ ഉന്നയിച്ചതാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന് അഞ്ച് വർഷമായിട്ടും സംസ്ഥാനത്തെ അടച്ചുപൂട്ടിയ തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാനുള്ള ഒരു നടപടിയും ഉണ്ടായിട്ടില്ല. ഗവൺമെന്റ് തന്ന കണക്കുകൾ പ്രകാരം ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ മാത്രം ഇപ്രകാരം 18,000-ത്തോളം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. ശ്രീ. ഇ. എം. അഗസ്തിക്ക് തന്ന മറുപടി ഞാൻ പരിശോധിച്ചു. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പലപ്പോഴും മറുപടി പറഞ്ഞിട്ടുള്ളത് ആ തൊഴിലാളികൾക്ക് ഓണക്കാലത്ത് ചില ആനുകൂല്യങ്ങൾ കൊടുത്തു, കുട്ടികൾക്ക് പഠിക്കാൻ ചില സൗകര്യങ്ങൾ ചെയ്തുകൊടുത്തു. അതൊന്നും ഞാൻ നിഷേധിക്കുകയല്ല. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു മേഖലയാണ്. ലക്ഷക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന തോട്ടം മേഖല. ഇടുക്കി ജില്ലയിലെ മഹാഭൂരിപക്ഷം വരുന്ന ആളുകളുടെ ജീവിത മേഖലയാണിത്. ഹൈറേഞ്ച് മേഖലയിൽ സ്ഥിരമായി പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറപ്പിക്കാൻ എന്ത് നടപടിയെടുക്കാമെന്ന് പരിശോധിക്കാൻ പാർലമെന്റ് സംഘം ഇവിടെ വന്നു. പാർലമെന്റിൽ ഇതു സംബന്ധിച്ച് ചർച്ച ചെയ്തെങ്കിലും നിയമത്തിന്റേയും സാങ്കേതികത്വത്തിന്റേയും ചില തടസ്സങ്ങൾ പറയുന്നതല്ലാതെ തോട്ടങ്ങൾ തുറപ്പിക്കാനോ തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കാനോ തയ്യാറാകുന്നില്ല. തൊഴിലാളികൾക്ക് സ്റ്റാറ്റ്യൂട്ടറിയായി ലഭിക്കേണ്ട ഗ്രാറ്റ്യുവിറ്റി ഉൾപ്പെടെ മറ്റ് പല തരത്തിലുള്ള ആനുകൂല്യങ്ങൾ, ഉടമകൾ അടയ്ക്കേണ്ട പ്രോവിഡന്റ് ഫണ്ട് തുടങ്ങിയ കാര്യങ്ങളിൽ സ്റ്റാറ്റ്യൂട്ടറിയായി കിട്ടേണ്ട കോടിക്കണക്കിന് രൂപയാണ് ഈ സംസ്ഥാനത്തിന് നഷ്ടപ്പെട്ടുപോയത്. പ്രതിദിനം എത്ര കോടി രൂപയുടെ നഷ്ടം

LIBRARY ARCHIVES Kerala Legislative Assembly

ഈ സംസ്ഥാനത്തുണ്ടായി എന്ന് ബഹുമാനപ്പെട്ട മന്ത്രി കണക്കാക്കണം. തുറന്നു പ്രവർത്തിക്കുന്ന തോട്ടങ്ങളിൽ തൊഴിലാളികൾക്ക് കിട്ടേണ്ട മിനിമംകൂലി പുതുക്കി നിശ്ചയിക്കുന്നതിലുണ്ടായ കാലതാമസം ശ്രീ. പി. എസ്. സുപാൽ കഴിഞ്ഞ ദിവസം ഈ സഭയിൽ ഉന്നയിച്ചു. അത് പുതുക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ടെന്ന് അതുസംബന്ധിച്ച് ബഹുമാനപ്പെട്ടമന്ത്രി മറുപടി പറയുമെന്ന് ഞാൻ വിചാരിക്കുന്നു. ഏതായാലും തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ വീഴ്ചയാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളത്. വേളാങ്കണ്ണി എന്നുപറയുന്ന ഒരു കൊച്ചുകുട്ടി ആത്മഹത്യ ചെയ്ത സംഭവമുണ്ടായി. അന്ന് ഞങ്ങൾ എത്ര തവണ ഇവിടെ ഇതൊക്കെ ഉന്നയിച്ചതാണ്. ഈ ഗവൺമെന്റിന്റെ കാലാവധി അവസാനിക്കുന്ന ഈ സന്ദർഭത്തിൽ വീണ്ടും ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് അർഹതപ്പെട്ട മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ശ്രീ. കെ. പി. രാജേന്ദ്രൻ തോട്ടങ്ങൾ അടച്ചുപൂട്ടി ക്കിടക്കുന്നത് ചൂണ്ടിക്കാണിച്ചത് വളരെ വ്യക്തത ഇല്ലാതെയാണ്. പീരുമേട് താലൂക്കിൽ നാല് ഗ്രൂപ്പ് തോട്ടങ്ങളാണ് അടഞ്ഞു കിടക്കുന്നത്. അത് നാല് മാനേജുമെന്റുകളുടേതാണ്. വയനാട്ടിലെ തോട്ടങ്ങൾ എല്ലാം തുറന്നു. നിങ്ങൾ അതേക്കുറിച്ച് പോയി അന്വേഷിക്കണം..... (ബഹളം)..... ഞാൻ പറയുന്നു തുറന്നു എന്ന്. നിങ്ങൾ പോയി അന്വേഷിക്കൂ. വയനാട്ടിലെ എല്ലാ എസ്റ്റേറ്റുകളും തുറന്നു. .....(ബഹളം).....പീരുമേട് താലൂക്കിലെ ആർ.ബി.റ്റി ഗ്രൂപ്പിന്റെ എട്ട് തോട്ടങ്ങൾ .....

മി. സ്പീക്കർ: പ്ലീസ്, പ്ലീസ് ശ്രീ. ജയരാജൻ ഇരിക്കൂ..... അങ്ങനെ പറഞ്ഞാൽ പറ്റുമോ? ഇരിക്കൂ. എല്ലാ സമയത്തും ഇങ്ങനെ ഇന്റർഫിയർ ചെയ്യാൻ പറ്റില്ല. സബ്മിഷനിലോ ഏതെങ്കിലും കാര്യത്തിലോ മന്ത്രി പറഞ്ഞ മറുപടിയിൽ അപാകതയുണ്ടെങ്കിൽ റൂൾ പ്രകാരം നിങ്ങൾക്ക് അതിന് നിവൃത്തിയുണ്ട്. അല്ലാതെ പരസ്പരം സംസാരിക്കാനുള്ള സമയമല്ല.

ശ്രീ. ബാബു ദിവാകരൻ: ശ്രീ. കെ. പി. രാജേന്ദ്രൻ ചോദിച്ചത് എന്തു നടപടി എടുത്തു എന്നാണ്? അവിടെ ജപ്തി ചെയ്തു എന്നു പറഞ്ഞാൽ ഏത് ഗവൺമെന്റിന്റെ നടപടിയാണ്? പി.എഫ്. അടയ്ക്കാത്ത പ്ലാന്റേഷൻ മാനേജ്മെന്റിന് എതിരായി നടപടി എടുക്കുന്നതാണ്. പീരുമേട് താലൂക്കിൽ ആർ.ബി.ടി. യുടെ 8 തോട്ടങ്ങളും എം.എൻ. ജെ.-യുടെ നാല് തോട്ടങ്ങളും പീരുമേട് ടീ കമ്പനിയുടെ തോട്ടങ്ങളുമാണ് അടഞ്ഞുകിടക്കുന്നത്. പുള്ളിക്കാനം എസ്റ്റേറ്റ് അടുത്ത ദിവസം തുറന്നുപ്രവർത്തിപ്പിക്കുന്നതിനെക്കുറിച്ച് ധാരണയായിട്ടുണ്ട്. ഈ തോട്ടങ്ങൾ അടഞ്ഞ് കിടക്കുന്നത് തൊഴിൽ തർക്കം മൂലമല്ല. പീരുമേട് ടീ കമ്പിനിയുടെ

LIBRARY ARCHIVES Kerala Legislative Assembly

തോട്ടത്തിന്റെ കാര്യത്തിൽ ഹൈക്കോടതിയിൽ കേസ് നിലനിൽക്കുകയാണ്. ഹൈക്കോടതിയുടെ കേസ് തീർപ്പാകുന്നതുവരെ ഒന്നും ചെയ്യാൻ പറ്റില്ല. ആർ.ബി.ടി.യുടെ എട്ട് തോട്ടങ്ങൾ ഏഴെട്ട് വർഷമായി അടഞ്ഞ്കിടക്കുകയാണ്. എസ്റ്റേറ്റ് നടത്തിക്കൊണ്ടുപോകാൻ അവർക്ക് കഴിയുന്നില്ല. അവർക്ക് സാമ്പത്തികമായി മുതൽമുടക്കാൻ കഴിയുന്നില്ല. ശ്രീ. കെ. പി. രാജേന്ദ്രൻ പറയുന്നതനുസരിച്ച് അവർ കൊടുക്കാനുള്ള സെയിൽസ്ടാക്സ് ഡ്യൂസ്, അവർ കൊടുക്കാനുള്ള പി. എഫ്.ഡ്യൂസ് അതെല്ലാം ഗവൺമെന്റ് അടക്കണമെന്നു പറയുന്നത് ശരിയല്ല. ഇത്രയും കാലം മാനേജ്മെന്റുകൾ തോട്ടം നടത്തിയശേഷം തൊഴിലാളികൾക്ക് കൊടുക്കാനുള്ള ആനുകൂല്യങ്ങൾ മുഴുവൻ ഗവൺമെന്റ് ഏറ്റെടുക്കണമെന്ന് പറഞ്ഞാൽ ഏത് ഗവൺമെന്റിന് അത് സാധിക്കുമെന്ന് ചിന്തിക്കണം. ഇക്കാര്യത്തിലുള്ള തർക്കം കമ്പനി ലോ-ബോർഡിന്റെ പരിഗണനയിൽ ഇരിക്കുകയാണ്. പീരുമേട് താലൂക്കിൽ എം.എൻ.ജെ. പ്ലാന്റേഷൻ, കൊച്ചി പ്ലാന്റേഷൻ ഇങ്ങനെ മൂന്നു നാല് തോട്ടങ്ങൾ ഉള്ളതിൽ ഉൽപ്പാദിപ്പിക്കുന്ന തേയിലയുടെ വില സർവ്വകാല റിക്കോർഡായി കുറഞ്ഞു. കഴിഞ്ഞ രണ്ടാഴ്ചയായിട്ട് തേയിലയുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എം.എൻ. ജെ. അടക്കമുള്ള മൂന്നു നാല് തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനെക്കുറിച്ച് പീരുമേട് താലൂക്കിൽ മാത്രമായിട്ടുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്തു. സിവിൽ സപ്ലൈസ് കോർപ്പറേഷനെക്കൊണ്ട് ഈ തോട്ടങ്ങളിൽ ഉൽപാദിപ്പിക്കുന്ന തേയില വാങ്ങിപ്പിക്കാനുള്ള ധാരണയിൽ അതുമായുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയാണ്. ഇവിടെ മിനിമം വേജസ് പുതുക്കുന്നതിനെ സംബന്ധിച്ച് പറഞ്ഞു. പ്ലാന്റേഷൻ ലേബർ കമ്മിറ്റിയാണ് ഇക്കാലമത്രയും അതിനെക്കുറിച്ച് ധാരണയുണ്ടാക്കി മിനിമം വേജസ് പുതിക്കിയിട്ടുള്ളത്. ഈ കമ്മിറ്റിയുടെ 22 യോഗങ്ങൾ ഇതിനോടകം ചേർന്നെങ്കിലും ഒരു ധാരണയിൽ എത്താൻ കഴിഞ്ഞിട്ടില്ല. ചരിത്രത്തിൽ ആദ്യമായി ഗവൺമെന്റ് മുൻകൈ എടുത്ത് മിനിമം വേജസ് പുതുക്കി നോട്ടിഫിക്കേഷൻ ഇറക്കി. കഴിഞ്ഞ ദിവസം രണ്ട് തവണ ഒരിക്കലും ഇല്ലാത്ത രീതിയിൽ പ്ലാന്റേഷൻ മേഖലയിൽ 22 തവണ പ്ലാന്റേഷൻ ലേബർ കമ്മിറ്റി കൂടിയിട്ട് ഒരു ധാരണയിൽ എത്താൻ കഴിഞ്ഞില്ല. അത് ഗവൺമെന്റിന്റെ കുഴപ്പമാണോ? അതുകഴിഞ്ഞ് ഇപ്പോൾ ഗവൺമെന്റ് തന്നെ മുൻകൈ എടുത്ത് നോട്ടിഫിക്കേഷൻ ഇറക്കി. പ്രധാനമായിട്ട് ഒരു കാര്യം പറയുകയാണ്. ഫൈനൽ നോട്ടിഫിക്കേഷൻ കഴിഞ്ഞ ദിവസം പ്രഖ്യാപിച്ചു കഴിഞ്ഞു. 2002 മുതലുള്ള കുടിശ്ശിക കൊടുക്കാനാണ് ഗവൺമെന്റ് ആവശ്യപ്പെട്ടിരിക്കുന്നത്. റബ്ബർ മേഖലയിൽ 2002 മുതലുള്ള പുതുക്കിയ നിരക്ക് കൊടുക്കണമെന്ന് ഉത്തരവ് ഇറക്കിയിരിക്കുകയാണ്. ചരിത്രത്തിൽ ആദ്യമായാണ് ഗവൺമെന്റ് നേരിട്ട് മിനിമം വേജസ് പുതുക്കി ഉത്തരവ് ഇറക്കിയിരിക്കുന്നത്. ഗവൺമെന്റിന്റെ ഇക്കാര്യത്തിലുള്ള ആത്മാർത്ഥതയെയാണ് ഇത് കാണിക്കുന്നത്.

(ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വച്ചു)

LIBRARY ARCHIVES Kerala Legislative Assembly